## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1777 22/3/2012 ൽ മറുപടിക്ക്

### ഇന്ത്യാ റിസർവ് ബറ്റാലിയൻ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഹൈബി ഈഡൻ : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| (എ) കേരളത്തിൽ എന്ത് ഉദ്ദേശത്തോടെയാണ് ഐ.ആർ.ബി രൂപീകരിച്ചത് ; | (എ) ദേശീയ ആഭ്യന്തര സുരക്ഷാ നടപടികളുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ കേന്ദ്ര സഹായത്തോടെ ഇൻഡ്യാ റിസർവ്വ് ബറ്റാലിയനുകൾ രൂപീകരിക്കുന്നതിനും പ്രസ്തുത ബറ്റാലിയനുകളെ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ആവശ്യപ്രകാരം ദേശീയ സുരക്ഷാപ്രവർത്തനങ്ങൾക്ക് നിയോഗിക്കണമെന്ന ഉദ്ദേശ്യത്തോടും കൂടിയാണ് സംസ്ഥാനത്ത് ആദ്യത്തെ ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ രൂപീകരിച്ചിട്ടുള്ളത്. |
| ബി) മറ്റ് സംസ്ഥാനങ്ങളിലെ സമാന സ്വഭാവമുള്ള സേനകളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഐ.ആർ.ബിയിൽ അംഗസംഖ്യ കുറവാണോ ; | (ബി) നിലവിലുള്ള ബറ്റാലിയനിൽ ടെക്നിക്കൽ സ്റ്റാഫിന്റെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും അംഗസംഖ്യ സംബന്ധിച്ച് ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇത് കേരളത്തിന്റെ സുരക്ഷയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) ഇത് കേരളത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല. |

| | |
|---|---|
| (ഡി) ഐ.ആർ.ബി.ക്ക് കേരളത്തിൽ രണ്ടാമതൊരു ബറ്റാലിയൻ കൂടി അനുവദിക്കാൻ ഉദ്ദേശ്യമുണ്ടോ; | (ഡിയും, ഇയും) കേരളത്തിൽ രണ്ടാമതൊരു ഐ.ആർ. ബറ്റാലിയൻ കൂടി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ ഇതിന്റെ നടപടികൾ എന്ന് പൂർത്തിയാകും; | |
| (എഫ്) ഐ.ആർ.ബി. കമാൻഡോകളെ പ്രമോഷൻ വഴി, നിലവിൽ വരാനിടയുള്ള വേക്കൻസികളിലും ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിലെ വേക്കൻസികളിലും നിയമിക്കുന്നതിന് പരിഗണിക്കുന്നുണ്ടോ; | (എഫും, ജിയും) ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ജി) എങ്കിൽ ഇതിനായുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ.